**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1680** **08-12-2022 - ൽ മറുപടിയ്ക്ക്**

**ശോച്യാവസ്ഥയിലുള്ള ഇരട്ടവീടുകളുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | എം. എൻ. ലക്ഷം വീട് പദ്ധതി പ്രകാരം നിർമ്മിച്ചതും നിലവിൽ ശോച്യാവസ്ഥയിലുമുള്ള ഇരട്ടവീടുകൾ പുനരുദ്ധാരണം ചെയ്ത് ഒറ്റ വീടുകളാക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ, വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ജില്ലാ തലത്തിൽ പുനരുദ്ധാരണത്തിന് അവശേഷിക്കുന്ന വീടുകളുടെ ലിസ്റ്റും, ഭവന നിർമ്മാണ ബോർഡിൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ ലിസ്റ്റും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | ലക്ഷം വീട് പാർപ്പിട പദ്ധതി പ്രകാരം 1972 മുതൽ നിർമ്മിച്ച 90,208 വീടുകളുടെ നവീകരണത്തിനും പുനർനിർമ്മാണത്തിനുമായി വിഭാവനം ചെയ്ത് ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് എം.എൻ.ലക്ഷം വീട് പുനരുദ്ധാരണ പാർപ്പിട പദ്ധതി. ടി പദ്ധതി പ്രകാരം 30-04-2015 വരെ 12,835 വീടുകൾ പുനർനിർമ്മിച്ചിട്ടുണ്ട്. തുടർന്ന് സ്പെഷ്യൽ ബംബർ ലോട്ടറി നടത്തി ഭവന നിർമ്മാണ ബോർഡ് വഴി സമാഹരിച്ച തുക വിനിയോഗിച്ച് 154 ഗുണഭോക്താക്കളിൽ 44 ഗുണഭോക്താക്കളുടെ വീട് നിർമ്മാണം പൂർത്തീകരിച്ചു. നിലവിൽ 2247 ഇരട്ട വീടുകൾ 4494 ഒറ്റ വീടുകൾ ആക്കുന്നതിനും, 4508 ഒറ്റ വീടുകൾ പുനരുദ്ധരിക്കുന്നതിനുമാണ് അവശേഷിക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പ്, മറ്റ് കോൺട്രിബ്യൂട്ടേഴ്സ് എന്നിവരുടെ സഹകരണത്തോടെ ഇരട്ട വീടുകൾ ഒറ്റവീടുകളായി മാറ്റുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം.

| ക്രമ നം. | ജില്ല | കോർപ്പറേഷൻ/മുൻസിപ്പാലിറ്റി /പഞ്ചായത്ത് എന്നിവയുടെ എണ്ണം | ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കുന്നതിന് അവശേഷിക്കുന്നവ. | പുനരുദ്ധരിക്കാൻ അവശേഷിക്കുന്ന ഒറ്റ വീടുകളുടെ എണ്ണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 7 | 29 | 323 |
| 2 | കൊല്ലം | 4 | 104 | 0 |
| 3 | പത്തനംതിട്ട | 56 | 185 | 0 |
| 4 | ആലപ്പുഴ | 13 | 92 | 0 |
| 5 | കോട്ടയം | 34 | 84 | 813 |
| 6 | ഇടുക്കി | 17 | 50 | 290 |
| 7 | എറണാകുളം | 18 | 472 | 0 |
| 8 | തൃശ്ശൂർ | 67 | 652 | 1308 |
| 9 | പാലക്കാട് | 24 | 294 | 296 |
| 10 | മലപ്പുറം | 9 | 55 | 93 |
| 11 | കോഴിക്കോട് | 70 | 154 | 947 |
| 12 | വയനാട് | 2 | 6 | 0 |
| 13 | കണ്ണൂർ | 17 | 70 | 431 |
| 14 | കാസർഗോഡ് | 2 | 0 | 7 |

## അനുബന്ധം

| ക്രമ നമ്പർ | തദ്ദേശ സ്വയംഭരണ സ്ഥാപനം | ലക്ഷം വീട് കോളനിയുടെ പേര് | ആകെ വീട്ടുകൾ |
|---|---|---|---|
| 1 | ആവോലി ഗ്രമാപഞ്ചായത്ത് | 4 കോളനികൾ | 34 |
| 2 | ചേലമ്പ്ര ഗ്രാമപഞ്ചായത്ത് | ചാലിപ്പറമ്പ് ലക്ഷം വീട് കോളനി, ചാക്കമാട്ടകുന്ന് ലക്ഷം വീട് കോളനി | 24 ഇരട്ട വീട്ടുകൾ |
| 3 | കല്ലക്കാട് ഗ്രമാപഞ്ചായത്ത് | മണിയന്ത്രം ലക്ഷം വീട് കോളനി | 18 വീട്ടുകൾ |
| 4 | പായിപ്ര പഞ്ചായത്ത് | എം.എൻ ലക്ഷം വീട് കോളനി | 40 വീട്ടുകൾ |
| 5 | ആലംകോട് ഗ്രമാപഞ്ചായത്ത് | മാന്തടം ലക്ഷം വീട് കോളനി, കിടിക്കര ലക്ഷം വീട് കോളനി | 23 ഇരട്ട വീട്ടുകൾ |
| 6 | കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത് | 10-ാം വാർഡിലെ പറയൻ കുന്ന് ലക്ഷം വീട് കോളനി | 2 ഇരട്ട വീട്ടുകൾ |
| 7 | ഏറാമല ഗ്രാമപഞ്ചായത്ത് (ബഹു.വടകര നിയോജക മണ്ഡലം എം.എൽ.എ ശ്രീമതി.കെ.കെ.രമ ആവശ്യപ്പെട്ടിട്ടുള്ളത്) | വാർഡ് 4, 10 എന്നിവയിലെ ലക്ഷം വീട് കോളനികൾ | 66 |
| 8 | വെള്ളിനേഴി ഗ്രാമപഞ്ചായത്ത് | വെള്ളിനേഴി ലക്ഷം വീട്ടിലെ താമസക്കാർക്ക് വേണ്ടി ശ്രീ.രാജൻ സമർപ്പിച്ച അപേക്ഷ | 9 വീട്ടുകൾ |
| 9 | വിളയൂർ ഗ്രാമപഞ്ചായത്ത് | ഓട്ടുപാറ ലക്ഷം വീട് കോളനി (പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.എം.കെ.ബേബി ഗിരിജ സമർപ്പിച്ച അപേക്ഷ) | 24 വീട്ടുകൾ |
| 10 | കുറ്റൂർ ഗ്രാമപഞ്ചായത്ത് | 13-ാം വാർഡ് തെങ്ങേലി ലക്ഷം വീട് കോളനി | 5 ഇരട്ട വീട്ടുകൾ |
| 11 | മുട്ടം ഗ്രാമപഞ്ചായത്ത് | വാർഡ് നമ്പർ 11,12 എന്നിവയിലെ ലക്ഷം വീട് കോളനികൾ | 17 ഇരട്ട വീട്ടുകൾ ഒറ്റ വീട്ടുകളാക്കുന്നതിന് |
| 12 | ടി.വി പുരം ഗ്രാമപഞ്ചായത്ത് (ബഹു. വൈക്കം നിയോജക മണ്ഡലം എം.എൽ.എ ശ്രീമതി. സി.കെ.ആശ ആവശ്യപ്പെട്ടത്) | തിരുത്തല്ലി, ആവള്ളിൽ, സരസ്വതി തുടങ്ങി ടി നിയോജക മണ്ഡലത്തിലെ വിവിധ ലക്ഷം വീട് കോളനികൾ | 26 ഇരട്ട വീട്ടുകൾ ഒറ്റ വീട്ടുകളാക്കുന്നതിന് |
| 13 | വള്ളിക്കുന്ന് പഞ്ചായത്ത് | കെ.എം അബൂബക്കർ S/o അബ്ദുള്ള കുട്ടി, ആനങ്ങാടി ഫിഷറീസ് കോളനി, കടലുണ്ടി, മലപ്പുറം | 30 |
| 14 | പ്രസിഡന്റ് എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് | ലക്ഷം വീട് കോളനി | 90 |